(സി) ഈ പദ്ധതി മുഖേന ഹാൻവീവിന് 7.5 ലക്ഷം രൂപ ലാഭം കിട്ടി.

(ഡി) ഈ ലാഭത്തിന്റെ വിഹിതം പദ്ധതിയുമായി സഹകരിച്ച സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല.

(ഇ) ഈ വർഷവും ഹാൻവീവ് ഓണക്കോടി പദ്ധതി നടപ്പാക്കുന്നുണ്ട്.

മുൻ പി.ആർ.ഒ.യുടെ പേരിൽ അച്ചടക്ക നടപടികൾ

41 (2838)ശ്രീ. നാലകത്തു സൂപ്പി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റെക്സിലെ മുൻ പി.ആർ.ഒ.യുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് എന്നാണ് സർക്കാർ നിർദ്ദേശം നൽകിയത്. ഇപ്രകാരം നിർദ്ദേശം നൽകിക്കൊണ്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) അച്ചടക്കനടപടികൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിജിലൻസ് വകുപ്പിന്റെ 2.7.96-ലെ പ്രാഥമിക റിപ്പോർട്ടിന്റെ പകർപ്പ് ഹാന്റെക്സിലേക്കു അയച്ചുകൊണ്ടുള്ള സർക്കാരിന്റെ 32236/സി2/96/ഐ.ഡി. എന്ന 2.5.97-ലെ കത്തിൻപ്രകാരം വിജിലൻസ് വകുപ്പിന്റെ ശുപാർശകളിന്മേൽ യുക്തമായ മേൽനടപടികൾ സ്വീകരിക്കുന്നതിനായി ഹാന്റെക്സിന്റെ സബ്കമ്മിറ്റി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനക്കു സമർപ്പിക്കണമെന്നു നിർദ്ദേശിച്ചിരുന്നു (കത്തിന്റെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്).†

(ബി) വിജിലൻസ് വകുപ്പിന്റെ നിർദ്ദേശാനുസരണം ശ്രീ. അബ്ദുൾഹലീമിന്റെ പി.ആർ.ഒ. ആയുള്ള നിയമനം റദ്ദാക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ 8.3.1999-ൽ ഹാന്റെക്സ് മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കയർ സംഘങ്ങളുടെ പുനരുദ്ധാരണം

42(2839) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പീഡിത കയർ സംഘങ്ങൾ ഉണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇവിടങ്ങളിൽ പണിയെടുത്ത എത്ര തൊഴിലാളികൾ തൊഴിൽ രഹിതരായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവർക്ക് തൊഴിൽ ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) (സംസ്ഥാനത്ത് 487 കയർ വ്യവസായ സഹകരണ സംഘങ്ങളെ പീഡിത കയർ സഹകരണ സംഘങ്ങളായി കണക്കാക്കി സാമ്പത്തിക സഹായം അനുവദിച്ചു വരുന്നു.) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ല (ചിറയിൻകീഴ് പ്രോജക്ട്)	-	55
കൊല്ലം ജില്ല (കൊല്ലം പ്രോജക്ട്)	-	88
ആലപ്പുഴ ജില്ല (ആലപ്പുഴ കായംകുളം പ്രോജക്ട്)	-	177
കോട്ടയം ജില്ല (കോട്ടയം പ്രോജക്ട്)	-	25
തൃശ്ശൂർ ജില്ല (തൃശ്ശൂർ പ്രോജക്ട്)	-	20
എറണാകുളം ജില്ല (വടക്കൻ പറവൂർ പ്രോജക്ട്)	-	25
മലപ്പുറം ജില്ല (പൊന്നാനി പ്രോജക്ട്)	-	16
കോഴിക്കോട് ജില്ല (കോഴിക്കോട് പ്രോജക്ട്)	-	64
കണ്ണൂർ ജില്ല	-	11
കാസർഗോഡ് ജില്ല	-	6
ആകെ	-	487

(ബി) പീഡിത കയർ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി തയ്യാറാക്കിട്ട് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന മൂലധനമായും, റാട്ട് തുടങ്ങിയ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും വർക്ക് ഷെഡ് നിർമ്മിക്കുന്നതിനും കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപയും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപയും ധനസഹായം നൽകുന്നുണ്ട്.

(സി)&(ഡി) ഉദ്ദേശം 25000-ത്തോളം പേർ തൊഴിൽരഹിതരായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവർക്കുകൂടി തുടർച്ചയായി പണി നൽകുന്നതിന് ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന പുനരുദ്ധാരണ പദ്ധതിക്ക് പുറമെ സംഘത്തിന്റെ അധികച്ചെലവ് കുറയ്ക്കുന്നതിനും ഉല്പന്നങ്ങൾ വേഗംവിറ്റഴി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനും സഹായകരമായ പദ്ധതി, ചകിരിക്കും തൊണ്ടിനും സബ്സിഡി, പലിശ സബ്സിഡി, പ്രവർത്തന മൂലധന വായ്പ നൽകൽ തുടങ്ങിയ പദ്ധതികളും നടപ്പാക്കി വരുന്നു.

തൊണ്ടുവില

43 (2840)ശ്രീ. എം. മുരളി :

ശ്രീ. കെ. സുധാകരൻ :

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. എ.കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കോക്കനട്ട് ഹസ്ക് കൺട്രോൾ ഓർഡർ നിലവിലുണ്ടോ;

(ബി) ഈ ഉത്തരവ് നിലവിലുണ്ടായിരുന്നപ്പോൾ തൊണ്ടു വില എന്തായിരുന്നു;

(സി) ഇപ്പോൾ അഴുകിയ തൊണ്ടിന്റെയും പച്ച തൊണ്ടിന്റെയും വില എത്രയാണ്;

(ഡി) അയൽ സംസ്ഥാനങ്ങളിലെ തൊണ്ടുവില എത്രയാണെന്ന് അറിവുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(ഇ) തൊണ്ടുവില നിയന്ത്രിച്ചു നിറുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഇല്ല.

(ബി) ത്രീപോയിന്റ് ലെവി സമ്പ്രദായം നിലവിലുണ്ടായിരുന്നപ്പോൾ തൊണ്ടിന്റെ ശരാശരി വില 190 രൂപയായിരുന്നു. എന്നാൽ പൊതുവിപണിയിലെ വില ലെവി വിലയേക്കാൾ ഇരട്ടിയായിരുന്നു.

(സി) പച്ച തൊണ്ടിന്റെയും അഴുകിയ തൊണ്ടിന്റെയും വില ഓരോ ജില്ലയിലും വ്യത്യസ്തമാണ്. ഓരോ ജില്ലയിലുമുള്ള തൊണ്ടിന്റെ ശരാശരി വില കണക്കിലെടുത്താൽ 1000 പച്ച തൊണ്ടിന് ഇപ്പോൾ 375 രൂപ മുതൽ 650 രൂപ വരെയും അഴുക്കു തൊണ്ടിന് 450 രൂപാ മുതൽ 800 രൂപാ വരെയും വിലയുണ്ട്.

(ഡി) ഉണ്ട്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ പച്ച തൊണ്ടിന്റെ ഇപ്പോഴത്തെ ശരാശരി വില 275 രൂപയാണ്.

(ഇ) തൊണ്ടിന്റെ അമിതവില നിയന്ത്രിച്ചു നിർത്തുന്നതിന് അനുവദിച്ചുവരുന്ന സബ്സിഡി അപര്യാപ്തമാണെന്നും വില നിയന്ത്രണത്തിന് ശക്തമായ നടപടി സ്വീകരിക്കണമെന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പൊതു വിപണിയിൽനിന്നും തൊണ്ട്, ചകിരി എന്നിവ വാങ്ങി ഉല്പാദനം നടത്തുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന അധിക ചെലവ് പരിഹരിക്കുന്നതിനായി തൊണ്ട്. ചകിരി എന്നിവ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന ഒരു പദ്ധതി സർക്കാർ നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം 1000 തൊണ്ടിന്

LIBRARY ARCHIVES Kerala Legislative Assembly